"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തിലെ "വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം" പദ്ധതിയുടെ 2401-00-800-27 പ്ലാൻ ശീർഷകത്തിൽ അധിക ധനാനുമതിയായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.486/2026/AGRI തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-
1. കൃഷി വകുപ്പ് ഡയറക്ടറുടെ 17/03/2026 തീയതിയിലെ ADFW/3108/2026-TP2 നമ്പർ കത്ത്.
2. 08/05/2026 തീയതിയിലെ സ.ഉ.(സാധാ) നം. 8143/2026/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

വയനാട് ജില്ലയിലെ നെന്മേനി കൃഷിഭവൻ പരിധിയിൽപ്പെട്ട കാപ്പി കർഷകനായ ശ്രീ. സോമശേഖരൻ പി യ്ക്ക്, 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം" പദ്ധതിയിലുൾപ്പെടുത്തി കാപ്പി സംഭരണ ഘടകത്തിൽ നൽകിയ 350 kg ഉണക്ക കാപ്പിയുടെ ആകെ തുകയായ 32,550/- രൂപയിൽ ഇൻസെന്റീവ് തുകയായ 3,500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ലഭ്യമായില്ലായെന്നും, ക്ലെയിം സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ ഡാറ്റാ പിഴവ് മൂലം പരാതിക്കാരന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ ടി തുക BIMsൽ ഗവൺമെന്റ് അക്കൗണ്ടിലേയ്ക്ക് തിരികെ പോയെന്നും ശരിയായ അക്കൗണ്ട് നമ്പർ നൽകിയെങ്കിലും തിരുത്തൽ വരുത്താൻ സാധിച്ചില്ലെന്നും കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(2) 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം" പദ്ധതിയുടെ ശീർഷകമായ 2401-00-800-27 പ്ലാൻ എന്നത് നിലവിൽ ബഡ്ജറ്റിൽ ലഭ്യമല്ലായെന്നും, മേൽ സാഹചര്യത്തിൽ പരാതിക്കാരന് ലഭിക്കേണ്ട തുകയായ 3,500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2401-00-800-27 പ്ലാൻ ശീർഷകം പുന:സ്ഥാപിച്ച് ആയതിലേക്ക് അധിക ധനാനുമതി മുഖേന പ്രസ്തുത ഫണ്ട് അടിയന്തിരമായി

ലഭ്യമാക്കണമെന്നും കൃഷി വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2401-00-800-27 പ്ലാൻ ശീർഷകം പുന:സ്ഥാപിച്ച് അധികധനാനുമതിയായി തുക അനുവദിക്കുകയും ചെയ്തു.

(4) 2401-00-800-27 പ്ലാൻ ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച തുകയിൽ നിന്ന്, പരാതിക്കാരന് ലഭിക്കേണ്ട തുകയായ 3,500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) പരാമർശം 2 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20.05.2026-ലെ 3492318/Agri-B1/221/2026-FIN പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Vineesh Kumar G**
**Date: 25-05-2026 11:35:16**